## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3380 19.10.2016 ന് മറുപടിയ്ക്ക്.

### കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ വന്യമൃഗങ്ങളുടെ ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളെ കണ്ടെത്തിയതു കണക്കിലെടുത്ത് ഇത്തരത്തിൽ ജനവാസമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനും ജനങ്ങളുടെ ഭയാശങ്കകൾ ഇല്ലാതാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്ന കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ കാട്ടുപോത്തിന്റ ശല്യം ഉള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് റെയിഞ്ചാഫീസറും സംഘവും ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും നിരവധി തവണ പരിശോധന നടത്തുകയും ചെയ്തുവെങ്കിലും ടി കാട്ടുപോത്തിനെ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br>കാട്ടുപോത്തിന്റെ ആക്രമണം തടയുന്നതിന് വേണ്ടിയും കണ്ടെത്തുന്ന പക്ഷം, തിരിച്ച് വനത്തിലേക്ക് കടത്തി വിടുന്നതിനു വേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ തുടർച്ചയായി ടി മേഖലയിൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. ടി കാട്ടുപോത്തിനെ കാണുന്ന പക്ഷം അടിയന്തിരമായി വനം ഉദ്യോഗസ്ഥർക്ക് വിവരം കൈമാറുവാൻ പൊതുജനങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.